4. കെ.എസ്.ഇ.ബി. ഗ്രിഡിൽ നിന്നും പീക്ക് സമയത്ത് ചാർജ്ജ് ആകാത്ത സോളാർ ഇൻവെർട്ടറുകൾ കെ.എസ്.ഇ.ബി.യുടെ കൺറ്റോൺമെന്റ് സെക്ഷനിലെ വീടുകളിൽ സ്ഥാപിച്ച ശേഷം അതിൽ നിന്നും പീക്ക് സമയത്ത് ലഭിക്കുന്ന വൈദ്യുതി ലാഭത്തെ കുറിച്ച് പഠിക്കുന്നതിനുള്ള പദ്ധതി.

5. തിരുവനന്തപുരത്തുള്ള കോളേജ് ഓഫ് എൻജിനീയറിംഗിൽ 134.56 Kwp ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി.

6. വൈദ്യുതി ബോർഡിന്റെ വിവിധ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

7. പടിഞ്ഞാറേത്തറ ഡാമിന്റെ റോഡ് വേയിൽ canopy സ്ഥാപിച്ച് 400 Kwp സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി.

8. പൊരിങ്ങൽകുത്ത് പവർ ഹൗസിന്റെ tail race-ൽ screw turbane ഉപയോഗിച്ച് ഒരു 11 KW ശേഷിയുള്ള മൈക്രോ ജലവൈദ്യുതി പ്ലാന്റ് സ്ഥാപിക്കാനുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പദ്ധതി.

9. മാനന്തവാടിയിലുള്ള കമ്പമല ടീ എസ്റ്റേറ്റിൽ 40 Kwp solar power plant പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കാനുള്ള പദ്ധതി.

(ബി) ഇല്ല.

(സി) വൈദ്യുതി ബോർഡിൽ ഇത്തരം സംവിധാനം നിലവിലില്ല. എനർജി മാനേജ്മെന്റ് സെന്ററാണ് ഇതുസംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

ടെയിനപകടങ്ങൾ സംബന്ധിച്ച കമ്മീഷനുകൾ

12 (*41) ഡോ. കെ. ടി. ജലീൽ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടെയിനപകടങ്ങൾ സംഭവിക്കുമ്പോൾ നിയോഗിക്കപ്പെടുന്ന കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതും സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതും അപകടങ്ങൾ തുടരുന്നതിന് കാരണമാകുന്നതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് നടന്ന ട്രെയിനപകടങ്ങളിൽ അന്വേഷണം നടത്തിയ കമ്മീഷനുകളുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടാത്തത് വീണ്ടും അപകടങ്ങൾക്ക് കാരണമായതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) സംസ്ഥാനത്ത് ട്രെയിനപകടങ്ങൾ സംഭവിക്കുമ്പോൾ ആയത് പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ റെയിൽവേ സേഫ്റ്റി കമ്മീഷണറാണ്. റെയിൽവേ സേഫ്റ്റി കമ്മീഷണറുടെ ശിപാർശകൾ റെയിൽവേ മന്ത്രാലയത്തിന്റെ അനുമതിയോടെ നിയമപരമായി തന്നെ നടപ്പാക്കാൻ ബാധ്യസ്ഥമാണ്. ഇക്കാര്യത്തിൽ എല്ലാ ശിപാർശകളും നടപ്പിൽ വരുത്തിയിട്ടുണ്ട്. കേരളത്തിൽ റെയിൽവേ സേഫ്റ്റി കമ്മീഷണറുടെ അന്വേഷണം വേണ്ടി വരുന്ന അപകടങ്ങൾ വളരെ കുറവാണ്.

(ബി) കാവലില്ലാത്ത ലെവൽ ക്രോസ്സ് അപകടങ്ങൾ ഒഴിവാക്കാൻ കാവലില്ലാത്ത ലെവൽ ക്രോസ്സുകൾ ഇല്ലാതാകുക എന്നുള്ളതാണ് കഴിഞ്ഞ 10 വർഷത്തിനിടയിലെ പ്രധാന ശിപാർശ. ഇത്തരത്തിൽ കേരളത്തിലെ ആളില്ലാ ലെവൽ ക്രോസ്സുകളുടെ എണ്ണം കുറച്ചിട്ടുണ്ട്.

(സി) സി.ആർ.എസ്സ്.-ന്റെ കണ്ടെത്തലുകളും ശിപാർശകളും സമയബന്ധിത മായിത്തന്നെ നടപ്പിലാക്കി വരുന്നുണ്ട്.

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയുടെ പങ്കാളിത്തം

13 (*43) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി, ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖല എപ്രകാരമാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത രംഗത്ത് എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly